**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2485** **12.02.2020-ൽ മറുപടിക്ക്**

**കൽപറ്റ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം**

| | ചോദ്യം<br>ശ്രീ. സി. കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമ്പൂർണ്ണ വൈദ്യുതീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2017-ഓടു കൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി വെളിച്ചം എത്തിക്കുമെന്ന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത്പദ്ധതി ലക്ഷ്യം കാണുകയും, 29.05.2017 ന് കോഴിക്കോട് വച്ച് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി വൈദ്യുതീകരിക്കാത്ത വീടുകളുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ, അപേക്ഷകർക്കു സെക്ഷൻ ഓഫീസ് വഴി രജിസ്റ്റർ ചെയ്യാനുള്ള അവസരത്തിന് പുറമെ ജനപ്രതിനിധികൾ മുഖേനയും മിസ്സ്ഡ് കാൾ നൽകുമ്പോൾ KSEBL-ൽ നിന്നും ഉപഭോക്താവിനെ അങ്ങോട്ട് ബന്ധപ്പെട്ടു കൊണ്ട് രജിസ്റ്റർ ചെയ്യുവാനുൾപ്പെടെയുള്ള മാർഗ്ഗങ്ങൾ തേടിയും എല്ലാ ഉപഭോക്താക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിച്ചു. ഓരോ നിയോജക മണ്ഡലത്തിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക കെ.എസ്.ഇ.ബി ഫണ്ടിൽ നിന്നും ലഭ്യമാക്കിയതിനു പുറമെ തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമ വകുപ്പുകൾ, നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, സന്നദ്ധ സംഘടനകൾ നൽകുന്ന തുക തുടങ്ങിയവയിൽ നിന്നും കണ്ടെത്തി. വയറിംഗ് പൂർത്തിയാക്കാത്ത BPL, ST കുടുംബങ്ങളുടെ വയറിംഗും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കെ. എസ്. ഇ. ബി ഏറ്റെടുത്തു പൂർത്തിയാക്കി.<br><br>വൈദ്യുതി കണക്ഷനുകൾ നൽകുവാൻ വിവിധ രേഖകൾ ഹാജരാക്കേണ്ടി വരുന്നത് ഉപഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ ലഭിക്കാൻ കാലതാമസം ഉണ്ടാക്കും എന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നടപടിക്രമങ്ങൾ ലഘൂകരിച്ചും തിരിച്ചറിയൽ |

| | | | |
|---|---|---|---|
| | | | രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടും വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോൽപാദനവും വിതരണവും (DDG) വഴി വൈദ്യുതി ലഭ്യമാക്കാൻ ANERT, EMC എന്നീ സ്ഥാപനങ്ങളെ പദ്ധതിയിൽ പങ്കാളികളാക്കികൊണ്ടും കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി തങ്ങളുടെ വീട് വയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ കഴിയാത്ത ഉണഭോക്താക്കൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility യിൽപ്പെടുത്തി വയറിംഗ് പൂർത്തിയാക്കാത്ത BPL, ST കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഏറ്റെടുത്തു പൂർത്തിയാക്കി. സംസ്ഥാനത്തൊട്ടാകെ 1,50,219 കണക്ഷനുകൾ നൽകി കൊണ്ട് 29.05.2017-ൽ കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചു. |
| (ബി)<br><br><br>(സി) | കൽപ്പറ്റ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>ഇതിനായി എത്ര രൂപയാണ് ഇതുവരെ ചെലവഴിച്ചത്; വിശദമാക്കാമോ? | (ബി) & (സി) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി 90.643 കി.മീ. LT ലൈനും 3.37 കി.മീ. HT ലൈനും വലിക്കുകയും, 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്ത് 4545 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിനായി എം.എൽ.എ യുടെ ആസ്ഥി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയ്ക്ക് പുറമെ ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും SC/ST വകുപ്പുകളുടെ ഫണ്ടിൽ നിന്നും DDUGJY പദ്ധതിയിലുൾപ്പെടുത്തിയും, ആകെ 349.169 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ